# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം 82

11.06.2014 ലെ മറുപടിക്ക്

## വിസ ഓൺ അറൈവൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.എ.വാഹീദ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) 'വിസ-ഓൺ-അറൈവൽ' സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്നതാണ് വിസ ഓൺ അറൈവൽ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>മേൽ രാജ്യങ്ങളിൽ നിന്നുള്ള കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള സഞ്ചാരികൾക്ക് 60 യു.എസ്.ഡോളർ ചിലവിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇത് വിനോദസഞ്ചാര സംബന്ധമായ കാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാൻ കഴിയൂ.<br><br>പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിനോദ സഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് വിസ ലഭ്യമാക്കുകയും ഇതുവഴി 2021-ഓടെ 30 ലക്ഷം വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് പിന്തുണ നൽകുകയുമാണ് ഉദ്ദേശിക്കുന്നത്. |

(..........2)

കേരളടൂറിസം അധികം കടന്നുചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലേയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുക, ഭാവിയിൽ ഈ വിപണികളിൽ നിന്നുള്ള കൂടുതൽ സഞ്ചാരികളെ വിവിധ പ്രചരണതന്ത്രങ്ങൾ വഴി കേരളത്തിലേക്ക് ആകർഷിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. ഇപ്പോൾ തന്നെ മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധന ഇക്കാര്യത്തിൽ കൂടുതൽ പ്രേരണയായിട്ടുണ്ട്.

സി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത്: വിശദമാക്കുമോ;

സി) ഇതുവഴി ടൂറിസം വ്യവസായത്തിലെ എല്ലാ മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. എന്തെന്നാൽ 'വിസ-ഓൺ-അറൈവൽ' അപേക്ഷകർ ഇന്ത്യയിൽ താമസിക്കുന്നവരോ ഇവിടെ ജോലിയുള്ളവരോ ആയിരിക്കരുതെന്ന് വ്യവസ്ഥയുണ്ട്. വിനോദ സഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്നവർക്കാണ് ഹ്രസ്വകാല വിസ നൽകുന്നത്. വിനോദ സഞ്ചാര മേഖല കൂടാതെ ഇതര മേഖലകളിലും ഈ സംവിധാനത്തിന്റെ ഗുണം ലഭ്യമാകുന്നതാണ്.

ഡി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

ഡി) മുൻ വർഷത്തെപ്പോലെ 2014ലും ജപ്പാനിലെ JATA (Japan Association of Travel Agents) ഫെയറിൽ കേരള ടൂറിസം പങ്കെടുക്കുന്നുണ്ട്. കൂടാതെ ഫിൻലാന്റിലെ ഹെൻസിങ്കിയിൽ ഒരു റോഡ്ഷോയും ഈ വർഷം നടത്തുന്നുണ്ട്. വിസ-ഓൺ-അറൈവൽ സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മൽസര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുമാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ഫേയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ്, ഇൻസ്റ്റാഗ്രാം, പിന്ററെസ്റ്റ് തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ